## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*162 06.07.2015 ൽ മറുപടിക്ക്

# റോഡ് സുരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സാജു പോൾ :<br>,, ബി.സത്യൻ :<br>,, കെ.വി.വിജയദാസ് :<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നിയോഗിച്ച മൂന്നംഗ സമിതിയുടെ ശിപാർശ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഇതിനായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചു കൊണ്ടുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | ഉണ്ട്.<br>സംസ്ഥാനത്ത് ഉടനീളം മോട്ടോർ വാഹനം, പൊതുമരാമത്ത്, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് 216 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ആയത് ഉന്മൂലനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമിത വേഗത നിയന്ത്രിക്കുന്നതിനായി റമ്പിൾ സ്ട്രിപ്സ്, ഹംബുകൾ, സ്പീഡ് ബ്രേക്കർ തുടങ്ങിയ അപകട സൂചനകൾ സ്ഥാപിക്കുകയും സ്കൂൾ സോണുകളിൽ കുട്ടികളുടെ സുരക്ഷയ്ക്കായി പ്രത്യേക സൂചനകളും, കാൽനടക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിനുള്ള സൂചനകളും സ്ഥാപിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹന വകുപ്പുകൾക്ക് അത്യാധുനികരീതിയിലുള്ള (ആൽക്കോമീറ്റർ/ഇന്റർസെപ്റ്റർ, സർവൈലൻസ് ക്യാമറ തുടങ്ങിയവ) സംവിധാനങ്ങൾ ഒരുക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ഫണ്ട് |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. നടപ്പാതകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് പോലീസുമായി ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | റോഡ് സുരക്ഷ ഉറപ്പാക്കാൻ സമിതി നൽകിയ ശിപാർശകൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ; | (ബി) | 1. സംസ്ഥാന റോഡ് സുരക്ഷാ കൗൺസിൽ രൂപീകരിച്ച് വർഷത്തിൽ രണ്ട് തവണയെങ്കിലും കൗൺസിൽ യോഗം കൂടി, എടുക്കുന്ന തീരുമാനങ്ങളിൽമേലുള്ള നടപടി റിപ്പോർട്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.<br>2. പോലീസ്, പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ കൂടാതെ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഇതര വകുപ്പുകളുടേയും സന്നദ്ധ സംഘടനകളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് കൗൺസിൽ സെക്രട്ടേറിയറ്റായി പ്രവർത്തിക്കുന്നതിന് ഒരു ലീഡ് ഏജൻസി രൂപീകരിക്കേണ്ടതാണ്.<br>3. മുന്നറിയിപ്പ് അനിവാര്യമാകുന്ന പ്രദേശങ്ങൾ (ബ്ലാക്ക് സ്പോട്ട്) തിരിച്ചറിയുന്നതിനും ആയത് ഉന്മൂലനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിനും, എടുത്ത നടപടികൾ ഫലപ്രാപ്തിയിൽ എത്തുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനും ഒരു രൂപരേഖ തയ്യാറാക്കേണ്ടതാണ്.<br>4. മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത, സിഗ്നൽ ലൈറ്റ്, ഹെൽമറ്റ്/സീറ്റ് ബെൽറ്റ് എന്നിവ സംബന്ധിച്ച നിയമങ്ങൾ കൂടുതൽ കർശനമാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | 5. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ദേശീയ /സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള എല്ലാ റോഡുകളുടേയും നിരീക്ഷണം (വാഹന പരിശോധനകൾ) ശക്തിപ്പെടുത്തുകയും സാങ്കേതികമായ തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യേണ്ടതാണ്.<br>6. ഗതാഗതകുരുക്ക് കുറയ്ക്കുന്നതിന് തന്ത്രങ്ങൾ ആവിഷ്കരിയ്ക്കുകയും അതിനായി റമ്പിൾ സ്ട്രിപ്സ്, സ്പീഡ് ബ്രേക്കർ, റോഡ് സൈൻ ഇവ റോഡപകടങ്ങൾ കൂടുതലായി ഉണ്ടാകുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.<br>7. ദേശീയ - സംസ്ഥാന പാതയോരങ്ങളിലെ മദ്യ വില്പന നിരോധിക്കേണ്ടതാണ്.<br>8. വാഹനം ഓടിക്കുന്ന ഡ്രൈവറുടെ അശ്രദ്ധയ്ക്ക് കാരണമാകുന്ന ഹോർഡിംഗ്സ്, മറ്റു വസ്തുക്കൾ ഇവ നീക്കം ചെയ്യേണ്ടതാണ്.<br>9. റോഡ് സേഫ്റ്റി ഫണ്ട് രൂപീകരിക്കേണ്ടതും ഗതാഗത നിയമ ലംഘനത്തിലൂടെ ലഭിക്കുന്ന തുകയുടെ ഒരു ഭാഗം ഈ ഫണ്ടിലേക്ക് ലഭ്യമാക്കുകയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ചെലവുകൾ നേരിടുന്നതിന് ബഡ്ജറ്റിൽ ന്യായമായ തുക വകയിരുത്തേണ്ടതുമാണ്.<br>10. കേന്ദ്ര ഗവൺമെന്റ് റോഡ് സുരക്ഷയ്ക്കു വേണ്ടി അനുവദിച്ചിട്ടുള്ള പദ്ധതികൾ വളരെ പ്രാധാന്യത്തോടെ നടപ്പിൽ വരുത്തേണ്ടതാണ്.<br>11. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള നിയമങ്ങൾ അനുസരിച്ച് റോഡ് സുരക്ഷാ |

| | | | |
|---|---|---|---|
| | | | ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ആയത് MORTH ന് സമർപ്പിക്കുന്നതോടൊപ്പം ഒരു പകർപ്പ് കമ്മിറ്റിയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.<br>12. നടപ്പാതകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും കാൽനടയാത്രക്കാർക്ക് നടപ്പാത ഒഴിച്ചിടേണ്ടതുമാണ്. |
| (സി) | പ്രസ്തുത ശിപാർശകൾ ഏത് തീയതിക്കകം നടപ്പിൽ വരുത്തണമെന്നാണ് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ളത് ; | (സി) | 2015 ഫെബ്രുവരി 28 ന് മുമ്പ് നടപ്പിൽ വരുത്തണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. |
| (ഡി) | ദേശീയ - സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ നീക്കം ചെയ്തിട്ടുണ്ടോ; അതുൾപ്പെടെയുള്ള പതിമൂന്ന് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി ദേശീയ/സംസ്ഥാന പാതയോരത്തെ 14 മദ്യഷാപ്പുകൾ നിറുത്തലാക്കിയിട്ടുണ്ട്.<br>കമ്മിറ്റിയുടെ 12 ഇന ശുപാർശകളിന്മേൽ താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br>1. 2007 ൽ റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റി യോഗങ്ങൾ കൂടുന്നുണ്ട്.<br>2. റോഡ് സുരക്ഷാ അതോറിറ്റിയെ ഒരു ലീഡ് ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>3. പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ സംയുക്തമായി സംസ്ഥാനത്തെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും, ആയത് ഉന്മൂലനം ചെയ്യാനുള്ള സാങ്കേതിക നടപടികൾ സ്വീകരിക്കുകയും എടുത്ത നടപടികളുടെ ഫലപ്രാപ്തി അവലോകനം ചെയ്തും വരുന്നുണ്ട്.<br>4. മോട്ടോർ വാഹന വകുപ്പിലെ ഒരു ജോയിന്റ് |

ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ അത്യാധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി മദ്യപിച്ചും അമിതവേഗതയിലും വാഹനമോടിക്കുന്നവർക്കെതിരെയും, സീറ്റ് ബെൽറ്റ്/ഹെൽമറ്റ് ധരിക്കാത്തവർക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ച് അമിതവേഗത, സിഗ്നൽ ലംഘനം എന്നിവ നിരീക്ഷിക്കുന്നുണ്ട്.

5. രാത്രികാല പരിശോധനകൾ ഉൾപ്പെടെ ദേശീയ/സംസ്ഥാന ഹൈവേകളിൽ, കാലാകാലങ്ങളിലും പ്രത്യേക സന്ദർഭങ്ങളിലും പരിശോധനകൾ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നടത്തി വരുന്നു. ഇതിലേയ്ക്കായി മോട്ടോർ വാഹന വകുപ്പിൽ 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉണ്ടാക്കി എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്.
6. അമിത വേഗത നിയന്ത്രിക്കുന്നതിനായി റോഡുകളിൽ റമ്പിൾ സ്ട്രിപ്പ്സ്, ഹംബുകൾ, സ്പീഡ് ബ്രേക്കർ തുടങ്ങിയ അപകട സൂചനകൾ സ്ഥാപിക്കുകയും സ്കൂൾ സോണുകളിൽ കുട്ടികളുടെ സുരക്ഷയ്ക്കായി പ്രത്യേക സൂചനകളും കാൽനടക്കാർക്ക് വേണ്ടി റോഡ് മുറിച്ച് കടക്കുന്നതിനുള്ള സൂചനകളും സ്ഥാപിച്ചിട്ടുണ്ട്.
7. സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി ദേശീയ/സംസ്ഥാന പാതയോരത്തെ 14

| | | | |
|---|---|---|---|
| | | | മദ്യഷാപ്പുകൾ നിറുത്തലാക്കിയിട്ടുണ്ട്.<br>8. ഡ്രൈവർമാരുടെ അശ്രദ്ധയ്ക്ക് കാരണമാകുന്ന രീതിയിലുള്ള ഹോർഡിംഗ്കളും മറ്റ് വസ്തുക്കളും നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>9. റോഡ് സുരക്ഷാ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിലേക്ക് മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും ഈടാക്കുന്ന കോമ്പൗണ്ടിംഗ് ഫീയുടെ 50% തുകയാണ് വകയിരുത്തിവരുന്നത്. അതോടൊപ്പം ബഡ്ജറ്റ് വിഹിതവും നൽകി വരുന്നുണ്ട്.<br>10. റോഡ് സുരക്ഷയുടെ ഭാഗമായി കേന്ദ്രസർക്കാർ സഹായത്തോടെ ഒരു ഡ്രൈവർ ട്രെയ്നിംഗ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ട്.<br>11. കേരള റോഡ് സുരക്ഷയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി MORTH മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.<br>12. നടപ്പാതകളിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള സത്വര നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ